# കേരള സാഹിത്യ അക്കാദമി

പി.ബി.നമ്പർ 501, ടൗൺ ഹാൾ റോഡ്, തൃശൂർ 680020, ഫോൺ&ഫാക്സ് 0487 2331069 ,2331103
ഇ.മെയിൽ: keralasahityaakademi@gmail.com
വെബ്സൈറ്റ്: www keralasahityaakademi.org

# ദേശീയ പുസ്തകോത്സവം 2018
# കലാസാഹിത്യമത്സരങ്ങൾ

2018 ഫെബ്രുവരി 1 മുതൽ 10 വരെ കേരള സാഹിത്യ അക്കാദമി തൃശൂരിൽ സംഘടിപ്പിക്കുന്ന ദേശീയ പുസ്തകോത്സവത്തോടനുബന്ധിച്ച് സംസ്ഥാനതലത്തിൽ വിവിധ കലാസാഹിത്യമത്സരങ്ങൾ സംഘടിപ്പിക്കുന്നു. റഗുലർ-പാരലൽ കോളേജ് വിദ്യാർത്ഥികൾക്ക് പങ്കെടുക്കാം. ലളിതഗാനം (ഫെബ്രു 2), കവിതാലാപനം (ഫെബ്രു 3),ചിത്രരചന (ഫെബ്രു 4) പ്രസംഗം (ഫെബ്രു 5), കഥാരചന(ഫെബ്രു 6), കവിതാരചന(ഫെബ്രു 7),സാഹിത്യക്വിസ്(ഫെബ്രു 8), പൊതുജനപ്രശ്നോത്തരി (ഫെബ്രു 9) എന്നീ ഇനങ്ങളിലായിരിക്കും മത്സരം. അക്കാദമിയുടെ സാക്ഷ്യപത്രവും 5,000/-, 3,000/-, 2,000/- രൂപ (വ്യക്തിഗതം), 7,000/-, 5,000/-, 3,000/- രൂപ (ടീം മത്സരം) ക്യാഷ് പ്രൈസും ആയിരിക്കും സമ്മാനം.

ലളിതഗാനം, കവിതാലാപനം, പ്രസംഗം, കഥാരചന, കവിതാരചന എന്നിവയ്ക്ക് എട്ടു മുതൽ പ്ലസ് ടു വരെയും (ഹൈസ്കൂൾതലം) ഡിഗ്രി മുതലുള്ള പ്രൊഫഷണൽ വിദ്യാർത്ഥികൾക്കും (കോളേജ്തലം) പങ്കെടുക്കാം. സാഹിത്യക്വിസ്സിൽ (കോളേജ്തലം മാത്രം) ഒരു ടീമിൽ രണ്ടു പേർക്ക് പങ്കെടുക്കാം. എൽ.പി., യു.പി., ഹൈസ്കൂൾ, ഹയർ സെക്കണ്ടറി തലങ്ങളിലായിരിക്കും ചിത്രരചനാമത്സരം. പൊതുജനപ്രശ്നോത്തരിയിൽ പ്രായഭേദമെന്യേ എല്ലാവർക്കും പങ്കെടുക്കാം. ചിത്രരചനയിൽ പങ്കെടുക്കുന്നവർ ബ്രഷ്, ചായം എന്നിവ കൊണ്ടുവരേണ്ടതാണ്. പേപ്പർ അക്കാദമി നൽകും. ചിത്രരചനയ്ക്കൊഴികെ എല്ലാ വിഭാഗത്തിലും 50 രൂപ രജിസ്ട്രേഷൻ ഫീ നൽകണം.

അപേക്ഷകൾ അക്കാദമി വെബ്സൈറ്റിലും (www.keralasahityaakademi.org) ലഭ്യമാണ്. പങ്കെടുക്കാനാഗ്രഹിക്കുന്നവരുടെ അപേക്ഷകൾ ഫോൺ നമ്പർ സഹിതം **2018 ജനുവരി 25-നകം അക്കാദമി ആപ്പീസിൽ ലഭിച്ചിരിക്കണം. വിദ്യാർത്ഥികൾ സ്ഥാപനമേധാവിയുടെ സാക്ഷ്യപത്രം ഹാജരാക്കണം. വിലാസം: സെക്രട്ടറി, കേരള സാഹിത്യ അക്കാദമി, തൃശൂർ 680 020. ഇ.മെയിൽ** : keralasahitya akademi@gmail.com. ഫോൺ നമ്പറുകൾ: 0487 2331069, 93490 20090.

**ഡോ.കെ.പി.മോഹനൻ**
സെക്രട്ടറി

JM

കേരള സാഹിത്യ അക്കാദമി

# ദേശീയ പുസ്തകോത്സവം 2018

# കലാസാഹിത്യമത്സരങ്ങൾ

**മത്സരങ്ങൾ രാവിലെ 10 മണിക്ക്**

| | |
|---|---|
| ലളിതഗാനമത്സരം | (ഫെബ്രുവരി 2 വെള്ളി ) |
| കവിതാലാപനമത്സരം | (ഫെബ്രുവരി 3 ശനി ) |
| ചിത്രരചനാമത്സരം | (ഫെബ്രുവരി 4 ഞായർ) |
| പ്രസംഗമത്സരം | (ഫെബ്രുവരി 5 തിങ്കൾ ) |
| കഥാരചന | (ഫെബ്രുവരി 6 ചൊവ്വ) |
| കവിതാരചന | (ഫെബ്രുവരി 7 ബുധൻ) |
| സാഹിത്യക്വിസ് | (ഫെബ്രുവരി 8 വ്യാഴം ) |
| പൊതുജനപ്രശ്നോത്തരി | (ഫെബ്രുവരി 9 വെള്ളി) |

| | | |
|---|---|---|
| അക്ഷരശ്ലോകക്കളരി | (ഫെബ്രുവരി 6 ചൊവ്വ) | അവതരണം മാത്രം |
| കാവ്യകേളി | (ഫെബ്രുവരി 7 ബുധൻ ) | |